**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6311** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂഗർഭജലം അമിതമായ രീതിയിൽ ചൂഷണം ചെയ്യുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ഭൂജലം അമിതമായ രീതിയിൽ ചൂഷണം ചെയ്യുന്നതു സംബന്ധിച്ച റിപ്പോർട്ട് ചെയ്യപ്പെടുന്ന വിഷയങ്ങളിന്മേൽ വകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച **Ground Water Estimation Report (GEC-2023)** പ്രകാരം ഭൂജല ഉപയോഗ തോതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബ്ലോക്കുകളെ ഗുരുതര, ഭാഗിക ഗുരുതര, സുരക്ഷിത ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്. അപ്രകാരം അമിത ഭൂജല ചൂഷണമുള്ള മേഖലകളെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശുപാർശയിന്മേൽ സർക്കാർ വിജ്ഞാപനം ചെയ്തു വരുന്നുണ്ട്. ഗുരുതര ബ്ലോക്കുകളായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവയാണ് സർക്കാർ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ബ്ലോക്കുകൾ. ഇത്തരം പ്രദേശങ്ങളിൽ ഏത് തരം ഭൂജല വികസനത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭൂജല ഉപയോഗം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ശാസ്ത്രീയ പരിശോധനകളുടെ അടിസ്ഥാനത്തിലുള്ള ശുപാർശകളിന്മേൽ സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകി വരുന്നുണ്ട്. |
| (ബി) | കുഴൽ കിണർ കുഴിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് കുഴൽ കിണർ കുഴിക്കുന്നതിനു നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ) പുതിയ കുഴൽ കിണർ കുഴിക്കുന്നതിനും, പമ്പിങ് കിണറായി |

| | | | |
|---|---|---|---|
| | | | പരിവർത്തനം ചെയ്യുന്നതിനും കേരള സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് / മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് കുഴൽ കിണർ നിർമാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള പെർമിറ്റ് സംസ്ഥാനത്ത് നിയമവിധേയമാക്കിയിട്ടുണ്ട്. CRZ പരിധിയിൽ വരുന്ന മേഖലകളിലും കുഴൽ കിണർ നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കുഴൽ കിണർ കുഴിക്കുന്ന യന്ത്രങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തു പ്രവർത്തിക്കുന്ന സ്വകാര്യ കുഴൽക്കിണർ നിർമ്മാണ ഏജൻസികൾ / റിഗ്ഗുകൾ കേരള സംസ്ഥാന ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് 27/06/2014 തീയതിയിലെ ജലവിഭവ (ഭൂജല) വകുപ്പിന്റെ സ.ഉ.(കൈ)നം.59/2014/ജവിവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം സംസ്ഥാനത്ത് 221 ഏജൻസികളും 346 റിഗ്ഗുകളും രജിസ്റ്റർ ചെയ്തു. തുടർന്ന് കൂടുതൽ കാര്യക്ഷമമായി റിഗ്ഗ് രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് 24/01/2023 തീയതിയിൽ സ.ഉ.(കൈ)നം. 4/2023/ ജവിവ നമ്പർ ആയി പുതുക്കിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്. പുതുക്കിയ ഉത്തരവ് വന്നതിനു ശേഷം പുതുതായി 134 ഏജൻസികളും 275 റിഗ്ഗുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ഈ പ്രക്രിയ തുടർന്ന് വരുന്നുണ്ട്. |
| (ഡി) | അനധികൃതമായ കുഴൽ കിണർ നിർമ്മാണം നടത്തുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ റിഗ്ഗുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയ ശേഷം അനധികൃത കുഴൽ കിണർ നിർമ്മാണങ്ങൾ വലിയ ഒരു പരിധി വരെ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. അനധികൃത കുഴൽ കിണർ നിർമ്മാണം കൂടുതൽ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനു നിയമം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ